# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :3329 — 24.06.2013-ൽ മറുപടിയ്ക്ക്

### മരം മുറിച്ചുമാറ്റുമ്പോൾ ആവാസം നഷ്ടപ്പെടുന്ന പക്ഷികൾക്ക് സങ്കേതം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) പൊതുസ്ഥലത്തെ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് അനുമതി നൽകുന്നതിന് മുമ്പായി പരിശോധന നടത്താൻ ട്രീ കമ്മിറ്റികൾ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | എ) സംസ്ഥാനത്തെ 14 ജില്ലകളിലും പൊതുസ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നതിന് മുമ്പായി പരിശോധന നടത്താൻ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. |
| ബി) പൊതുസ്ഥലത്ത് നിന്ന് മുറിക്കാൻ അനുമതി തേടിയിട്ടുള്ള വൃക്ഷങ്ങളിൽ പക്ഷിക്കൂടുകൾ ഉണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; അത്തരം സാഹചര്യങ്ങളിൽ മരം മുറിക്കേണ്ടി വരുമ്പോൾ പറക്കമുറ്റാത്ത പക്ഷിക്കുഞ്ഞുങ്ങൾക്കും മുട്ടകൾക്കും സംരക്ഷണം നൽകാനോ അവയുടെ പുനരധിവാസത്തിനോ സംവിധാനങ്ങൾ ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ? | ബി) പൊതുസ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് മുൻപ് ബഹുമാനപ്പെട്ട നഗരസഭാ മേയർ/ മുൻസിപ്പൽ ചെയർമാൻ/ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാർ. മെമ്പർമാർ. തുടങ്ങിയ ജനപ്രതിനിധികൾ. സർക്കാരിതര സംഘടനാ പ്രതിനിധികൾ. വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയ അംഗങ്ങൾ അടങ്ങിയിട്ടുള്ളതുമായ കമ്മിറ്റി പൊതുജനങ്ങളുടെ ജീവനും. സ്വത്തിനും ഭീഷണിയായിട്ടുള്ളതും. വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നതുമായ മരങ്ങൾ |

മുറിച്ചുമാറ്റുന്നതിന് മുൻപ് ഇപ്രകാരമുള്ള പക്ഷിക്കൂടുകളുടെ സാന്നിദ്ധ്യം തുടങ്ങിയ വസ്തുതകൾ കൂടി പരിഗണിച്ചാണ് അപ്രകാരമുള്ള മരങ്ങൾ മുറിക്കാൻ അനുമതി നൽകി വരുന്നത്. പ്രസ്തുത സാഹചര്യങ്ങളിൽ മേൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ